# കില
## വാർത്താപത്രിക

VOLUME-11
ISSUE-12
DECEMBER 2019

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in




തദ്ദേശസ്ഥാപന ദുരന്തനിവാരണപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് ഗിരിദീപം കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രി **പിണറായി വിജയൻ** ഉദ്ഘാടനം ചെയ്യുന്നു

# പ്രകൃതിദുരന്തങ്ങൾ തടയാൻ തദ്ദേശസ്ഥാപനങ്ങൾക്കു ദുരന്തനിവാരണപദ്ധതി സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു

പ്രാദേശിക പങ്കാളിത്തത്തോടെ പ്രകൃതിദുരന്തങ്ങൾ തടയാനും ആഘാതം കുറയ്ക്കാനും ലക്ഷ്യമിട്ടുകൊണ്ടുള്ള തദ്ദേശസ്ഥാപന ദുരന്തനിവാരണപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് ഗിരിദീപം കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷികപദ്ധതിയുടെ ഭാഗമായി ദുരന്തനിവാരണ പദ്ധതി നടപ്പാക്കാനാണ് തീരുമാനം. ഗ്രാമസഭയിൽ ഉരുത്തിരിയുന്ന അഭിപ്രായങ്ങൾ അടക്കം ഉൾപ്പെടുത്തി പ്രത്യേക വികസന സെമിനാർ നടത്തിയാകും പദ്ധതി തയ്യാറാക്കുക. ഇവ ജില്ല ആസൂത്രണസമിതിയുടെ അനുമതിക്കു സമർപ്പിക്കും. രാജ്യത്ത് ആദ്യമായാണ് പ്രാദേശികതലത്തിൽ ദുരന്തനിവാരണപദ്ധതി തയ്യാറാക്കുന്നത്.

ചടങ്ങിൽ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി. മൊയ്തീൻ അദ്ധ്യക്ഷനായിരുന്നു. ബ്ലോക്ക് പഞ്ചായത്തുകളുടെ സമ്പൂർണ ഐ.എസ്.ഒ പ്രഖ്യാപനം മുഖ്യമന്ത്രി നിർവഹിച്ചു. മന്ത്രിമാരായ ഇ.പി.ജയരാജൻ, ഡോ. തോമസ് ഐസക്, കെ.രാജു, കെ.കൃഷ്ണൻകുട്ടി, വി.എസ്.സുനിൽ കുമാർ, ആസൂത്രണബോർഡ് വൈസ് ചെയർമാൻ ഡോ.വി.കെ.രാമചന്ദ്രൻ, തിരുവനന്തപുരം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷികപദ്ധതിയുടെ ഭാഗമായിട്ടാണ് ദുരന്തനിവാരണ പദ്ധതി നടപ്പാക്കുക. ഗ്രാമസഭയിൽ ഉരുത്തിരിയുന്ന അഭിപ്രായങ്ങൾ ഉൾപ്പെടുത്തി പ്രത്യേക വികസന സെമിനാർ നടത്തിയാകും പദ്ധതി തയ്യാറാക്കുന്നത്. രാജ്യത്ത് ആദ്യമായാണ് പ്രാദേശികതലത്തിൽ ദുരന്തനിവാരണപദ്ധതി തയ്യാറാക്കുന്നത്.

മേയർ കെ.ശ്രീകുമാർ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.കെ.മധു, നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ ചെറിയാൻ ഫിലിപ്പ്, ഹരിതകേരളം മിഷൻ എക്സികട്ടീവ് വൈസ് ചെയർപേഴ്സൺ ടി.എൻ. സീമ, തദ്ദേശസ്വയംഭരണസ്ഥാപന സംഘടനാപ്രതിനികളായ ആർ. സുഭാഷ്, വി.വി.രമേശ്, കെ. തുളസി, കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ തുടങ്ങിയവർ പങ്കെടുത്തു. ഡോ.വി. വേണു, ഡോ. കെ.എൻ.ഹരിലാൽ, ശാരദാമുരളീധരൻ, യു.വി. ജോസ് തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. ശാരദാമുരളീധരൻ സ്വാഗതവും എൻ. പത്മകുമാർ നന്ദിയും പറഞ്ഞു.

## തദ്ദേശസ്വയംഭരണവകുപ്പ്:
## വാർത്തകളും അറിയിപ്പുകളും

# പ്രളയബാധിത തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കു പ്രത്യേക വിഹിതം

**സം**സ്ഥാനത്ത് മഹാപ്രളയവും ഉരുൾപൊട്ടലും സാരമായി ബാധിച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു പ്രത്യേക വിഹിതമായി 212.50 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ പ്രത്യേക വിഹിതം ലഭിക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തുക വിനിയോഗിക്കുന്നതു ചില മാനദണ്ഡങ്ങൾ പ്രകാരമായിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രളയത്തിൽ തകർന്നതോ കേടുപാടുകൾ സംഭവിച്ചതോ ആയ പൊതു ആസ്തികളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും വാർഷികപദ്ധതിയിൽ പെടുത്തി നിർവഹിക്കുന്നതിനു സർക്കാർ അനുമതി നൽകിയിട്ടുണ്ടായിരുന്നു. അതു കൂടാതെ വരുന്ന തുക റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായും അനുവദിക്കുന്നുണ്ട്. ആയതിനാൽ ഇപ്പോൾ അനുവദിക്കുന്ന തുക പരമാവധി ജീവനോപാധി പരിപാടികൾ നടപ്പാക്കുന്നതിനു വിനിയോഗിക്കേണ്ടതാണ്.

പ്രകൃതിദുരന്തത്തിൽ ജീവനോപാധിമാർഗ്ഗം ഇല്ലാതായ കുടുംബങ്ങൾക്കും വ്യക്തികൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുവേണ്ടി ജീവനോപാധി പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, തൊഴിൽ സംരംഭങ്ങൾ തുടങ്ങിയ മേഖലകളിൽ ഗുണഭോക്താക്കൾ താൽപര്യപ്പെടുന്നതും അവർക്കു അനുയോജ്യമായതുമായ ഉപജീവനമാർഗ്ഗം ഏതാണോ അത് നിർവഹിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം. പ്രകൃതിദുരന്തത്തിലൂടെ പ്രത്യക്ഷമായോ പരോക്ഷമായോ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്കു ഉപജീവനമാർഗ്ഗങ്ങൾ ഉണ്ടാക്കുകയാണ് മുഖ്യലക്ഷ്യമെങ്കിലും വിഹിതം ബാക്കിയുണ്ടെങ്കിൽ ഉപജീവനമാർഗ്ഗങ്ങൾക്കു ധനസഹായം ആവശ്യമുള്ളവർക്കു പരിഗണിക്കാവുന്നതാണ്. കുടുംബശ്രീമിഷനുമായി സംയോജിച്ച് പദ്ധതികൾ നടപ്പാക്കാവുന്നതാണ്. ജീവനോപാധി നഷ്ടപ്പെട്ടവരുടെ പട്ടിക ആദ്യം തയ്യാറാക്കണം. വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്നോ ഏജൻസികളിൽനിന്നോ സഹായം ലഭിച്ചവരെ കണ്ടെത്തി ഇരട്ടിപ്പും ദുർവ്യയവും ഒഴിവാക്കാൻ ഇത്തരം പട്ടികകൾ തയ്യാറാക്കുന്നത് സഹായകരമാകും.

പ്രത്യേക വിഹിതം, വികസനഫണ്ട്, തനതുഫണ്ട്, സ്പോൺസർഷിപ്പ് വിഹിതം, ധനകാര്യസ്ഥാപനങ്ങളുടെ വിഹിതം എന്നിവ ജീവനോപാധികൾക്കുള്ള വിഭവമായി പരിഗണിക്കണം. ധനകാര്യസ്ഥാപനങ്ങളുടെ വായ്പബാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്താവുന്നതുമാണ്. കുടുംബശ്രീ ഉൾപ്പെടെയുള്ള മറ്റ് ഏജൻസികളും വകുപ്പുകളും മുഖേന ജീവനോപാധികൾ കണ്ടെത്തുന്നതിനു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുൻകൈ എടുക്കണം. പ്രകൃതിദുരന്തത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്കു സബ്സിഡി മാർഗ്ഗരേഖ അനുസരിച്ചുള്ള യൂണിറ്റ്കോസ്റ്റിന്റെ 100% വരെ സബ്സിഡി അനുവദിക്കാം. മറ്റുള്ളവർക്കു മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ സബ്സിഡി നൽകാവുന്നതാണ്.

ജീവനോപാധികൾ നൽകുന്നതിനോടൊപ്പം ജില്ല ദുരന്തനിവാരണ അതോറിറ്റി വിജ്ഞാപനം ചെയ്തിട്ടുള്ള ദുരിതാശ്വാസകേന്ദ്രങ്ങളുടെ നവീകരണവും സൗകര്യങ്ങളും മെച്ചപ്പെടുത്താൻ ചെയ്യാവുന്നതാണ്. ജില്ല ദുരന്തനിവാരണ അതോറിറ്റിയുമായി ആലോചിച്ച് പുതിയ ഷെൽറ്ററുകൾ സ്ഥാപിക്കാം. പ്രകൃതിദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനാവശ്യമായ നീർച്ചാൽ വീതി കൂട്ടൽ, അധികജലം ഒഴുകിപ്പോകുന്നതിനു തടസ്സമായ നിർമ്മിതികൾ പുതുക്കൽ എന്നിവ ചെയ്യാം. കൂടുതൽ തുക അവശേഷിക്കുന്നുവെങ്കിൽ പ്രളയത്തിൽ തകർന്ന പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികളും നടത്താം. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റു ചെയ്ത ഗ്രന്ഥശാലകൾക്കു പ്രളയത്തിൽ നാശമുണ്ടായിട്ടുണ്ടെങ്കിൽ പുനർനിർമ്മാണവും പുസ്തകം വാങ്ങി നൽകലും നടത്താം. പ്രത്യേക വിഹിതത്തിനു മേഖലാ നിബന്ധനകൾ ബാധകമല്ല.

ഇതുസംബന്ധച്ച വിശദമായ മാർഗ്ഗരേഖ സ.ഉ.(കൈ)170/2019 തസ്വഭവ.23.12.2019 നമ്പറായി പുറപ്പെടുവിച്ചിട്ടുണ്ട്.

# കുടുംബശ്രീ ഒരു നേർച്ചിത്രം– ഫോട്ടോഗ്രാഫി മത്സരം

**ഫോട്ടോ** ഗ്രാഫിയിൽ താൽപര്യമുള്ള വ്യക്തികളുടെ സർഗ്ഗാത്മകശേഷി പ്രോത്സാഹിപ്പിക്കുന്നതിനായി കുടുംബശ്രീ സംഘടിപ്പിക്കുന്ന=കുടുംബശ്രീ ഒരു നേർച്ചിത്രം= എന്ന ഫോട്ടോഗ്രാഫി മത്സരത്തിന്റെ രണ്ടാം സീസൺ മത്സരവിജയികൾക്കു പുരസ്കാരങ്ങൾ സമ്മാനിച്ചു. കുടുംബശ്രീ മിഷൻ ഓഫീസിൽ സംഘടിപ്പിച്ച പരിപാടിയിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ വിജയികൾക്കു ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും നൽകി. മാതൃഭൂമി പാലക്കാട് യൂണിറ്റ് ഫോട്ടോഗ്രാഫർ പി.പി.രതീഷ്, മലപ്പുറ വേങ്ങര സ്വദേശി ഇ.റിയാസ്, കാസർകോഡ് ഉദുമ ഞെക്ലി സ്വദേശി ദീപക് എന്നിവർക്കാണ് ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ ലഭിച്ചത്. ഇവർക്കു യഥാക്രമം 20,000/-രൂപയും 10,000/- രൂപയും 5,000/- രൂപയും സമ്മാനമായി നൽകി. കൂടാതെ പത്തുപേർക്കു ആയിരം രൂപ വീതം പ്രോത്സാഹനസമ്മാനവും നൽകി.

# റോഡു പുനരുദ്ധാരണത്തിനു തുക അനുവദിച്ചു

**ക**ഴിഞ്ഞ രണ്ടുവർഷങ്ങളിലുണ്ടായ പ്രളയത്തിൽ തകർന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് 961.264 കോടി രൂപ അനുവദിച്ച് ഉത്തരവായി. 2018-19 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ തകർന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടാത്തതും പുനർനിർമ്മിക്കേണ്ടതുമായ റോഡുകളുടെ പുനരുദ്ധാരണത്തിനാണ് ഈ തുക വിനിയോഗിക്കേണ്ടത്. പദ്ധതിയുടെ മേൽനോട്ടത്തിനായി പഞ്ചായത്ത്/നഗരസഭ തലത്തിൽ പഞ്ചായത്ത് പ്രതിനിധി/വാർഡ് കൗൺസിലർമാർ എന്നിവരുടെ നേതൃത്വത്തിൽ ഒരു സമിതിയും കൂടാതെ ജില്ലാതലത്തിൽ ഒരു സൂപ്രണ്ടിംഗ് എഞ്ചിനിയർ (റിട്ട.), ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർ, തദ്ദേശസ്വയംഭരണസ്ഥാപന തലത്തിലെ എഞ്ചിനിയർമാർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ടെക്നിക്കൽ കമ്മി രൂപീകരിച്ച് പ്രവർത്തിക്കണം. അപ്രകാരമാണ് റോഡു പുനരുദ്ധാരണഫണ്ടിൽനിന്ന് തുക അനുവദിക്കേണ്ടത്. (സ.ഉ. (കൈ)13/2020 തസ്വഭവ. 9.1.2020)




ആദിപമ്പ-വരട്ടാർ പുനരുജ്ജീവനം രണ്ടാംഘട്ടത്തിന്റെ മുന്നൊരുക്കമായി സംഘടിപ്പിച്ച ദ്വിദിന ശില്പശാലയുടെ ഉദ്ഘാടനവേദി

## വരട്ടാർ പുനരുജ്ജീവനം: രണ്ടാംഘട്ടത്തിന്റെ മുന്നൊരുക്കത്തിനു ദ്വിദിനശില്പശാല

**ആ**ദിപമ്പ-വരട്ടാർ പുനരുജ്ജീവനം രണ്ടാംഘട്ടത്തിന്റെ മുന്നൊരുക്കമായി ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. ഇടനാട് ആദിപമ്പയ്ക്കു സമീപം വഞ്ചിപ്പാട്ടിൽ കടവിൽ സംസ്ഥാന ജലസേചനവകുപ്പുമന്ത്രി കെ.കൃഷ്ണൻകുട്ടിയാണ് ശില്പശാല ഉദ്ഘാടനം ചെയ്തത്. പുഴയൊഴുകുന്ന വഴിയിൽ കൃഷിയുടെ വികസനത്തിനു മുൻഗണന നൽകണമെന്നു മന്ത്രി പറഞ്ഞു. സജി ചെറിയാൻ എം.എൽ.എ അദ്ധ്യക്ഷനായിരുന്നു. ധനകാര്യവകുപ്പുമന്ത്രി ഡോ. തോമസ് ഐസക് മുഖ്യപ്രഭാഷണം നടത്തി. എം.എൽ.എമാരായ വീണാ ജോർജ്, മാത്യു ടി.തോമസ്, നഗരസഭ ചെയർമാൻ ഷിബുരാജൻ, കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ, വരട്ടാർ കോർഡിനേറ്റർ ബീന ഗോവിന്ദൻ, സ്വാഗതസംഘം കൺവീനർ ജോസ് വർഗീസ്, ചെയർമാൻ പി.ആർ. പ്രദീപ് കുമാർ തുടങ്ങിയവർ സംസാരിച്ചു. ഇതിനോടനുബന്ധിച്ചു നടന്ന സെമിനാറിൽ ഹരിതകേരളം മിഷൻ കൺസൽട്ടന്റ്, എബ്രഹാം കോശി, ഡോ.അജയകുമാർ വർമ്മ എന്നിവർ വിഷയങ്ങളവതരിപ്പിച്ചു. ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ബിനു ബേബി, ജൈവവൈവിധ്യബോർഡ് അംഗം ഡോ.വി.ബാലകൃഷ്ണൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. പ്ലീനറി സെഷനിൽ ജൈവവൈവിധ്യബോർഡ് ചെയർമാൻ ഡോ. എസ്.സി ജോഷി, ഇറിഗേഷൻ വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനിയർ ഫിലിപ്പ് മത്തായി, ഹരിതകേരളം മിഷൻ കൺസൽട്ടന്റ് എൻ. ജഗ്ജീവൻ റാം എന്നിവർ സംസാരിച്ചു. കിലയും ഹരിതകേരളം മിഷനും സംയുക്തമായാണ് ശില്പശാല സംഘടിപ്പിച്ചത്.



പ്രാദേശികഭരണസംവിധാനം, പങ്കാളിത്ത ആസൂത്രണം, കുടുംബശ്രീ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിലെ ബി.എസ്.ഡബ്ല്യു-എം.എസ്.ഡബ്ല്യു വിദ്യാർത്ഥികൾക്കു കിലയിൽ സംഘടിപ്പിച്ച ഏകദിന പരിശീലനപരിപാടി

## മൃഗസംരക്ഷണവകുപ്പിലെ സീനിയർ അസിസ്റ്റന്റ് ഡയറക്ടർമാർക്കു പരിശീലനം

**മൃ**ഗസംരക്ഷണ വകുപ്പിലെ സീനിയർ അസിസ്റ്റന്റ് ഡയറക്ടർമാർക്കു കിലയിൽ അഞ്ചുദിവസത്തെ പരിശീലനം സംഘടിപ്പിച്ചു. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ മൃഗസംരക്ഷണവകുപ്പ് നടത്തുന്ന മൂന്നുമാസത്തെ പരിശീലനത്തിന്റെ ഭാഗമാണിത്. കേരളത്തിലെ പങ്കാളിത്താസൂത്രണം, പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ്, കേരള സർവീസ് റൂൾസ്, നേതൃത്വശേഷി, ഫയൽ മാനേജ്മെന്റ്, ദുരന്തനിവാരണശേഷിയോടുകൂടിയ വികസനാസൂത്രണം, ആശയവിനിമയം, ടൈം മാനേജ്മെന്റ്, നവകേരള കർമ്മപദ്ധതി, കേരലത്തിലെ ജനാധിപത്യ അധികാരവികേന്ദ്രീകരണം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. കോർഡിനേറ്റർ എം.രേണുകുമാർ പരിശീലനപരിപാടികൾക്കു നേതൃത്വം നൽകി. ഡോ.കെ.പി.എൻ അമൃത, എ.കെ. രാമനാഥപിള്ള, ഡോ.ജോസ് സി. റാഫേൽ,രാജു ഡേവിഡ്, ഡോ. സാബു വർഗീസ്, അലക്സ് ടെസി ജോസ്, മുഹമ്മദ് നിസാർ, കെ.വി.ഗോവിന്ദൻ, സജയ്പ്രഭു എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.



തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ലൈബ്രേറിയൻമാർക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി

# തദ്ദേശസ്ഥാപനങ്ങളിലെ ലൈബ്രേറിയൻമാർക്കു പരിശീലനം തുടങ്ങി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ലൈബ്രേറിയൻമാർക്കായി കിലയിൽ പരിശീലനം തുടങ്ങി. നഗരസഭകളിലേയും ഗ്രാമപഞ്ചായത്തുകളിലേയും ലൈബ്രേറിയൻമാർക്കാണ് ആദ്യബാച്ചിൽ പരിശീലനം നൽകിയത്. വിവിധ ലൈബ്രറികളിൽനിന്നായി 25 പേർ പങ്കെടുത്തു. കേവലം പുസ്തകവിതരണകേന്ദ്രമെന്നതിലുപരി നാടിനു ഉപകാരപ്രദമാകുന്ന രീതിയിൽ ലൈബ്രറികളെ മാറ്റിയെടുക്കാൻ ലൈബ്രേറിയൻമാരെ പ്രാപ്തരാക്കുകയാണ് പരിശീലനംകൊണ്ട് ലക്ഷ്യമിടുന്നത്. കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. കില അസി. ഡയറക്ടർ മാത്യു ആൻഡ്രൂസ്, കോഴ്സ് ഡയറക്ടർ ശാലിനി, അസി. ലൈബ്രേറിയൻ മഞ്ചു എന്നിവർ സംസാരിച്ചു. 400 ലൈബ്രേറിയൻമാർക്കാണ് ഒന്നാംഘട്ടത്തിൽ പരിശീലനം നൽകുന്നത്. അടുത്ത അദ്ധ്യയനവർഷത്തിൽ ശേഷിച്ച ലൈബ്രേറിയൻമാർക്കും പരിശീലനം നൽകും.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ലൈബ്രറികളുടെ ആവശ്യകതയും പ്രസക്തിയും, ലൈബ്രറികളുടെ അടിസ്ഥാന സൗകര്യവും അനുബന്ധസൗകര്യങ്ങളും, ലൈബ്രറികളുടെ ക്രമീകരണം, പരിപാലനം, ലൈബ്രറികളിലെ വിവരസാങ്കേതിക വിദ്യ, നേതൃത്വശേഷി വികസനം, മാതൃകാലൈബ്രറികളും കർമ്മപദ്ധതിയും തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. കേരള സർവകലാശാല ലൈബ്രേറിയൻ ഡോ. സുധി എസ്. വിജയൻ, ഉണ്ണികുളം ഗ്രാമപഞ്ചായത്ത് ലൈബ്രേറിയൻ വി. മോയി, വളപട്ടണം ഗ്രാമപഞ്ചായത്ത് ലൈബ്രേറിയൻ ബിനോയ് മാത്യു, ചേലക്കര ഗവ.പോളിടെക്നിക് ലൈബ്രേറിയൻ ടി.ടി. ജോസഫ്, കിഴക്കൻചേരി ഗ്രാമപഞ്ചായത്ത് ലൈബ്രേറിയൻ ടി. മിനി, കൊടകര ഗ്രാമപഞ്ചായത്ത് ലൈബ്രേറിയൻ പി.എ.ജയപ്രകാശ് എന്നിവരാണ് പരിശീലനത്തിനു നേതൃത്വം നൽകിയത്.

# മുഖ്യമന്ത്രിയുടെ ഹരിത അവാർഡുകൾ പ്രഖ്യാപിച്ചു ഒന്നാംസ്ഥാനം പടിയൂർ ഗ്രാമപഞ്ചായത്തിന്

### കോർപ്പറേഷനുകളിൽ **തിരുവനന്തപുരം**
### നഗരസഭകളിൽ **പൊന്നാനി**
### ബ്ലോക്ക് പഞ്ചായത്തുകളിൽ **പഴയന്നൂർ**

**ശു**ചിത്വ-മാലിന്യസംസ്കരണം, കൃഷി, ജലസംരക്ഷണം, എന്നീ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള മുഖ്യമന്ത്രിയുടെ ഹരിത അവാർഡുകൾ പ്രഖ്യാപിച്ചു. കോർപ്പറേഷൻ വിഭാഗത്തിൽ തിരുവനന്തപുരത്തിനാണ് ഒന്നാംസ്ഥാനം. നഗരസഭകളിൽ മലപ്പുറം ജില്ലയിലെ പൊന്നാനിയും ബ്ലോക്ക് പഞ്ചായത്തുകളിൽ തൃശ്ശൂർ ജില്ലയിലെ പഴയന്നൂരും ഗ്രാമപഞ്ചായത്തുകളിൽ കണ്ണൂർ ജില്ലയിലെ പടിയൂരും ഒന്നാംസ്ഥാനം കരസ്ഥമാക്കി. ഗ്രാമപഞ്ചായത്ത് വിഭാഗത്തിൽ ജില്ലാതല അവാർഡുമുണ്ട്. ഈ മേഖലയിൽ മികച്ച പ്രവർത്തനങ്ങളാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കാഴ്ചവച്ചതെന്നു അവാർഡു പ്രഖ്യാപിച്ച മന്ത്രി എ.സി.മൊയ്തീൻ പറഞ്ഞു. 2018-2019 കാലയളവിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിൽ നടത്തിയ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളാണ് പുരസ്കാരങ്ങൾക്കായി വിലയിരുത്തിയത്. ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമയും പങ്കെടുത്തു.

ഗ്രാമപഞ്ചായത്ത് വിഭാഗത്തിൽ കൊല്ലം ജില്ലയിലെ പെരിനാട് രണ്ടാംസ്ഥാനവും എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് മൂന്നാംസ്ഥാനവും നേടി. ബ്ലോക്ക് പഞ്ചായത്ത് വിഭാഗത്തിൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂരിനു രണ്ടാംസ്ഥാനവും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മൂന്നാംസ്ഥാനവും നഗരസഭ വിഭാഗത്തിൽ കോഴിക്കോട് ജില്ലയിലെ വടകര രണ്ടാംസ്ഥാനവും കണ്ണൂർ ജില്ലയിലെ ആന്തൂർ, തൃശ്ശൂർ ജില്ലയിലെ കുന്നംകുളം എന്നിവ മൂന്നാംസ്ഥാനവും കരസ്ഥമാക്കി. ഗ്രാമപഞ്ചായത്തുകൾക്കുള്ള ജില്ലാതല അവാർഡുകൾ ഇപ്രകാരമാണ്: ബേഡഡുക്ക (കാസർകോഡ്), ചെറുതാഴം (കണ്ണൂർ), മീനങ്ങാടി (വയനാട്), ചേമഞ്ചേരി (കോഴിക്കോട്), മാറഞ്ചേരി (മലപ്പുറം), അകത്തേത്തറ (പാലക്കാട്), പഴയന്നൂർ (തൃശ്ശൂർ), രായമംഗലം (എറണാകുളം), കുമളി (ഇടുക്കി), കൂരോപ്പട (കോട്ടയം), ആര്യാട് (ആലപ്പുഴ),ഇരവിപേരൂർ(പത്തനംതിട്ട),കുലശ്ശേഖരപുരം(കൊല്ലം), ചെങ്കൽ (തിരുവനന്തപുരം).സംസ്ഥാനതലത്തിൽ ഒന്നാംസ്ഥാനം നേടിയവർക്കു പത്തുലക്ഷം രൂപയും രണ്ടാം സ്ഥാനക്കർക്കു ഏഴുലക്ഷം രൂപയും മൂന്നാസ്ഥാനം നേടിയവർക്കു അഞ്ചുലക്ഷം രൂപയും ലഭിക്കും. ജില്ലാതലത്തിൽ ഒന്നാംസ്ഥാനം നേടിയ ഗ്രാമപഞ്ചായത്തുകൾക്കു മൂന്നുലക്ഷം രൂപയാണ് ലഭിക്കുക. വിജയികൾക്കു ശിലാഫലകവും പ്രശസ്തി പത്രവും നൽകുന്നതാണ്.



തദ്ദേശസ്വയംഭരണവകുപ്പിലെ ഡ്രൈവർമാർക്കു എടപ്പാളിൽ സംഘടിപ്പിച്ച പരിശീലന പരിപാടി

# തദ്ദേശസ്വയംഭരണവകുപ്പിലെ ഡ്രൈവർമാർക്കു പരിശീലനം

തദ്ദേശസ്വയംഭരണവകുപ്പിലെ ഡ്രൈവർമാരുടെ സ്കിൽ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പരിശീലനപരിപാടിക്കു കിലയിൽ തുടക്കം കുറിച്ചു. എടപ്പാളിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ചിന്റെ (ഐ.ഡി.ടി.ആർ) സാങ്കേതിക സഹായത്തോടെയാണ് പരിശീലനം. ഉദ്ഘാടനച്ചടങ്ങിൽ പഞ്ചായത്ത് അഡീഷ്ണൽ ഡയറക്ടർ എം.പി. അജിത്കുമാർ, ഐ.ഡി.ടി.ആർ ജോയിന്റ് ഡയറക്ടർ എം.എൻ.പ്രഭാകരൻ, കില അസി. ഡയറക്ടർ മാത്യു ആൻഡ്രൂസ്, ഡോ. വിനോദ് എന്നിവർ സംസാരിച്ചു.
അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രായോഗിക പരിശീലനത്തിനു പുറമെ പഞ്ചായത്ത് രാജ് സംവിധാനം, ഡ്രൈവർമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും, സേവനവ്യവസ്ഥകൾ തുടങ്ങിയ വിഷയങ്ങളിലും പരിശീലനം നൽകി.

# എറണാകുളം : എല്ലാഗ്രാമപഞ്ചായത്തുകൾക്കും ഐ.എസ്.ഒ– ഒരു അനുഭവകുറിപ്പ്

എറണാകുളം ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുടേയും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ എന്ന ദൗത്യം പൂർത്തിയായി. 82 ഗ്രാമപഞ്ചായത്തുകളിൽ 63 എണ്ണത്തിൽ കിലയുടെ കോർഡിനേറ്റർ എന്ന നിലയിൽ പ്രവർത്തിക്കാനായി എന്നതു വലിയ ഭാഗ്യമായി തോന്നുന്നു. ഈ സർട്ടിഫിക്കേഷൻ ലഭിച്ചതുകൊണ്ട് ഗുണമേന്മയുടെ അവസാനവാക്കായി ഈ സ്ഥാപനം മാറും എന്നല്ല. ഗുണമേന്മയുടെ പുതിയ തലങ്ങളിലേക്കുള്ള യാത്രയുടെ ഒരു പടിയാകാൻ ഈ ഉദ്യമത്തിനു കഴിഞ്ഞു എന്നാണ് എന്റെ വിശ്വാസം. ചിട്ടയായ റെക്കോർഡ് മാനേജ്മെന്റ് സംവിധാനം, നല്ല ഓഫീസ് അന്തരീക്ഷം, മികച്ച ഫ്രണ്ട് ഓഫീസ് സംവിധാനം ഇവയെല്ലാം ജനങ്ങൾക്കു കൃത്യതയിൽ വേഗത്തിൽ സേവനങ്ങൾ നൽകാൻ സഹായിക്കുമെന്നതിൽ സംശയമില്ല.
പത്രതാളുകളിലും നർമ്മസീരിയലുകളിലും മാത്രം കണ്ടിട്ടുള്ള പഞ്ചായത്ത് എന്ന സർവകലാശാലയിലേക്കു ഞാൻ കയറുന്നത് 2018 മേയ് മാസത്തിലാണ്. കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ തുടങ്ങി, പ്രളയം രണ്ടുവട്ടം തളർത്തിയ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിൽ അവസാനിച്ച 63 പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ പഠിച്ച കാര്യങ്ങൾ ഒരു ആയുഷ്കാലത്തേക്കുള്ള മുതൽകൂട്ടാണ്. ഓരോ ഗ്രാമപഞ്ചായത്തും ഓരോ ക്യാൻവാസാണ്. ഓരോ സ്ഥാപനങ്ങളിലേയും പ്രശ്നങ്ങൾ വ്യത്യസ്തമാണ്. നേരിൽ അറിയാനും പഠിക്കാനും ഒരുപാട് അവസരങ്ങൾ ലഭിച്ചു. ആദ്യമായി ഡി.ഡി.പി. ഓഫീസിൽ കയറിയപ്പോൾ, ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ക്ലാസ്സ് എടുത്തപ്പോൾ, വിവിധ പഞ്ചായത്തുകളിൽ പോയി ഇടപെട്ടപ്പോൾ പഞ്ചായത്ത് എന്താണെന്നു ഞാൻ അറിയുകയായിരുന്നു. ആദ്യകാലത്ത് പഞ്ചായത്ത് തലത്തിൽ ഉദാഹരണം പറയാൻ സഞ്ജയ് സാറിനോട് ചോദിക്കാറുള്ള ഞാൻ, ഇന്ന് പെർമിറ്റ് റജിസ്റ്റർ എഴുതാൻവരെ പഠിച്ചെങ്കിൽ അതു പലരും പഠിപ്പിച്ചുതന്നതാണ്. നടക്കില്ലെന്നു പലരും കരുതിയിരുന്ന ഗ്രാമപഞ്ചായത്തകളിൽ ഗുണമേന്മയുടെ ചെറുതെങ്കിലുമൊരു മാറ്റം കൊണ്ടുവരാൻ സാധിച്ചെങ്കിൽ അതു അവിടെ ഞാൻ കണ്ട മാറ്റത്തിനു ഒപ്പം നിന്ന കഠിനാദ്ധ്വാനികളായ ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും കഴിവാണ്. അവരുടെ ഒപ്പം നിൽക്കാൻ സാധിച്ചുവെന്നതുതന്നെ ഏറ്റവും വലിയ നേട്ടമായി കാണുന്നു.
പ്രമുഖരായ നേതാക്കളുമായി വേദി പങ്കിടാനുള്ള അവസരങ്ങൾ, മന്ത്രിയിൽനിന്ന് പൊന്നാട, പഠിച്ച കാലത്തു ലഭിച്ചതിനേക്കാൾ കൂടുതൽ ട്രോഫികൾ, ഇതൊന്നും സ്വപ്നങ്ങളിൽ പോലും ചിന്തിക്കാത്ത അംഗീകാരങ്ങളായിരുന്നു. അതിലേറെ ഞാൻ വിലമതിക്കുന്നതു എറണാകുളം ജില്ലയിൽ ഏതു ഗ്രാമപഞ്ചായത്തിൽ പോയാലും നിറഞ്ഞ പുഞ്ചിരി നൽകാൻ പരിചയക്കാരായ ജീവനക്കാരും ജനപ്രതിനിധികളും ഉണ്ടെന്നുള്ളതാണ്. സമയം നോക്കാതെ രാവും പകലും പണിയെടുത്തു എന്നെ ഞെട്ടിച്ച പഞ്ചായത്ത് ജീവനക്കാരും ജനപ്രതിനിധികളുമുണ്ട്. അവർ പകർന്നുതന്ന ഊർജം അത്ര ചെറുതല്ല. നേട്ടത്തേക്കാൾ ബുദ്ധിമുട്ട് അതു നിലനർത്താൻ തന്നെയാണ്. പക്ഷെ ഇതുപോലുള്ള നല്ല ആത്മാർത്ഥതയുള്ള ജീവനക്കാരും ജനപ്രതിനിധികളും ഈ സ്ഥാപനങ്ങളിലെ ഉള്ളയിടത്തോളം ഗുണമേന്മയുടെ ജൈത്രയാത്ര തുടരുകതന്നെ ചെയ്യും. ദൗത്യം തുടരുകയാണ്. ഡി.ഡി.പി ഓഫീസും ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളും ഉണ്ട് മുന്നിൽ. പക്ഷേ ഗ്രാമപഞ്ചായത്തുകളുടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ എന്ന ആദ്യ കടമ്പ കടക്കുമ്പോൾ സ്നേഹത്തോടെ, ബഹുമാനത്തോടെ ഞാൻ ഓർക്കുന്നതു ഈ ലക്ഷ്യത്തിനായി മനസ്സറിഞ്ഞ് അദ്ധ്വാനിച്ചവരെയാണ്.

ഡോ.അനൂപ നാരായണൻ
ഐ.എസ്.ഒ ജില്ലാകോർഡിനേറ്റർ

## ചോദ്യങ്ങൾക്കു മറുപടി

? കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഏതൊരു കെട്ടിടത്തിന്റേയും സ്റ്റെയർകേസിനു 120 സെന്റിമീറ്റർ വീതി വേണമെന്നു പറയുന്നുണ്ട്. ഇത് എല്ലാ കെട്ടിടങ്ങൾക്കും ബാധകമാണോ?

● കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ റൂൾ 35 പ്രകാരം ഏതൊരു കെട്ടിടത്തിന്റേയും സ്റ്റെയർ കേസിനു മിനിമം 120 സെന്റിമീറ്റർ വീതി വേണമെന്നാണ് പറയുന്നത്. എന്നാൽ 2019 ലെ കെട്ടിടനിർമ്മാണ ചട്ടം റൂൾസ് 48 പ്രകാരം താമസിക്കുന്നതിനുള്ള ഏക കുടുംബങ്ങൾക്കു ഈ നിബന്ധനകൾ ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ അവിടെ മിനിമം വീതി നിഷ്ക്കർഷിക്കേണ്ടതില്ല.

? ജീവനക്കാർക്കു സാലറി സർട്ടിഫിക്കറ്റ് നൽകുമ്പോൾ എത്ര ലോൺ തുകയ്ക്കുവരെ സാലറി സർട്ടിഫിക്കറ്റ് നൽകാം? അങ്ങനെ വല്ല നിബന്ധനകളും ഉണ്ടോ?

● പ്രതിമാസ തിരിച്ചടവു തുക നെറ്റ് സാലറിയുടെ 50 ശതമാനം തുകയിൽ കൂടാതെയാണ് ജീവനക്കാർ വായ്പകളും മറ്റും എടുക്കേണ്ടത് എന്ന ഉത്തരവുണ്ട്. ആയതിനനുസരിച്ച് ജീവനക്കാരോട് ഉറപ്പു വരുത്തിയശേഷം മാത്രമേ റിക്കവറിക്കുള്ള അനുവാദത്തോടെയുള്ള ശമ്പള സാക്ഷ്യപത്രങ്ങൾ നൽകാൻ പാടുള്ളൂ.(സർക്കുലർ നമ്പർ 86/07/ഫിൻ.തീയതി.11.12.2007)

? റേഷൻ കടകളെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നുള്ള ലൈസൻസിൽനിന്നോ തൊഴിൽനികുതിയിൽനിന്നോ ഒഴിവാക്കിയിട്ടുണ്ടോ?

● ഇല്ല. നിലവിലെ ചട്ടങ്ങൾ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്.(സർക്കുലർ നമ്പർ (സി.എസ്)9/764/2019. തീയതി22.1.19 സിവിൽ സപ്ലൈസ് കാര്യാലയം,തിരുവനന്തപുരം)

## ചോദ്യങ്ങൾക്ക് മറുപടി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

? സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായത്തിനു അപേക്ഷ നിശ്ചിത കാലാവധിക്കുള്ളിൽ സമർപ്പിക്കാൻ കഴിയാതെ വന്നാൽ എന്തു ചെയ്യും?

● സാധുക്കളായ വിധവകൾ പെൺമക്കളുടെ വിവാഹസഹായത്തിനുള്ള അപേക്ഷ നിശ്ചിത കാലാവധിക്കുള്ളിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ ഒരു വർഷം വരെ ജില്ല വനിത-ശിശു വികസന ഓഫീസർക്കു അപേക്ഷ സമർപ്പിക്കാം.ഒരു വർഷം കഴിഞ്ഞുപോയെങ്കിൽ മൂന്നുവർഷം വരെ ജില്ലാകലക്ടർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. (സ.ഉ.(സാധാ)677/2019/സാ.നീ.വ. തീയതി.28.10.2019)

? കിണർ റീചാർജിംഗ് എന്ന പ്രോജക്ട് നടപ്പാക്കുമ്പോൾ എങ്ങനെയാണ് തുക നൽകേണ്ടത്? എത്ര തുകവരെ നൽകാം?

● കിണർ റീചാർജിങ്ങ് എന്ന പദ്ധതി സബ്സിഡി മാനദണ്ഡപ്രകാരമാണ് നടപ്പാക്കേണ്ടത്. ആ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എല്ലാ കിണറുകളും റീ ചാർജിങ്ങ് നടത്താം. പരന്ന മേൽക്കൂരയുള്ള കെട്ടിടത്തിൽനിന്നാണ് ചെയ്യുന്നതെങ്കിൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കു പരമാവധി 8,000/-രൂപ വരെ നൽകാം. ചെരിഞ്ഞ മേൽക്കൂരയുള്ള കെട്ടിടമാണെങ്കിൽ പരമാവധി 8,600/- രൂപ വരെ നൽകാം. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ജനറൽ വിഭാഗത്തിനു ഇതിൽ 90 ശതമാനം തുക സബ്സിഡി നൽകാവുന്നതാണ്.എസ്.സി.-എസ്.ടി. വിഭാഗത്തിനു നൂറുശതമാനം തുകയും നൽകാം. ഹരിതകേരളം പദ്ധതിയുടെ ഭാഗമായാണ് നടത്തേണ്ടത്.



തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എഞ്ചിനിയർമാർക്കും ഓവർസിയർമാർക്കുമുള്ള മൂന്നുദിവസത്തെ പരിശീലനപരിപാടിയിൽ കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ ആമുഖാവതരണം നടത്തുന്നു

## തദ്ദേശസ്ഥാപനങ്ങളിലെ എഞ്ചിനിയർമാർക്കും ഓവർസിയർമാർക്കും പരിശീലനം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എഞ്ചിനിയർമാർക്കും ഓവർസിയർമാർക്കുമുള്ള മൂന്നുദിവസത്തെ വിപുലമായ പരിശീലനം കിലയിൽ ആരംഭിച്ചു.പുതിയതായി സർവീസിൽ പ്രവേശിച്ച 31 പേർക്കാണ് ആദ്യബാച്ചിൽ പരിശീലനം നൽകിയത്. കില ഡയറക്ടർജനറൽ ഡോ. ജോയ് ഇളമൺ ആമുഖാവതരണം നടത്തി. കോഴ്സ് ഡയറക്ടർ ഡോ. സണ്ണി ജോർജ്, കോർഡിനേറ്റർ എം. രേണുകുമാർ എന്നിവർ സംസാരിച്ചു. ശേഷിച്ചവർക്കു പത്തു ബാച്ചുകളിലായി പരിശീലനം നൽകും.

തദ്ദേശഭരണസംവിധാനം, മരാമത്ത് പ്രവർത്തനങ്ങൾ, സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ, സദ്ഭരണം, 2019 ലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പദ്ധതി ആസൂത്രണം, നിർവഹണം, മോണിറ്ററിംഗ്, മാലിന്യപരിപാലനം, പ്രകൃതിസൗഹൃദ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. ആർ.ബാലഗംഗാധരൻ, അഡ്വ. സെയ്ഫുദ്ദീൻ, കെ.ലക്ഷ്മണൻ, എം.രേണുകുമാർ, ശങ്കരൻകുട്ടി, മുകുന്ദൻ തുടങ്ങിയവർ പരിശീലനത്തിനു നേതൃത്വം നൽകി.



സംയോജിത കൃഷിരീതികളിലൂടെ സംരംഭകത്വവികസനം സാധ്യമാക്കുന്ന കോഴ്സിനു രൂപം നൽകുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച കൂടിയാലോചനാശില്പശാല

# സംയോജിത കൃഷിരീതികളിലൂടെ സംരംഭകത്വവികസനം പുതിയ കോഴ്സിനു കില രൂപം നൽകുന്നു

**സം**യോജിത കൃഷിരീതികളിലൂടെ സംരംഭകത്വവികസനം സാധ്യമാക്കുന്ന കോഴ്സിനു കില രൂപം നൽകുന്നു. കൃഷി, മൃഗസംരക്ഷണം, മത്സ്യകൃഷി തുടങ്ങിയ മേഖലകളിലെ വിവിധ സംരംഭകത്വ സാദ്ധ്യതകളെ ശാസ്ത്രീയമായി സമന്വയിപ്പിച്ച് സ്ഥിരം വരുമാനം ലഭ്യമാക്കാവുന്ന സംരംഭങ്ങൾ ആരംഭിക്കാൻ യുവജനങ്ങളെ പ്രാപ്തരാക്കുകയാണ് പുതിയ കോഴ്സുകൊണ്ട് ലക്ഷ്യമിടുന്നത്. ഇതാദ്യമായണ് തൊഴിൽ സംരംഭവുമായി ബന്ധപ്പെട്ട കോഴ്സിനു കില നേതൃത്വം നൽകുന്നത്. തളിപ്പറമ്പിലെ കിലയുടെ കേന്ദ്രമായ ഓർഗാനിക് ഫാമിംഗ് ആന്റ് വേയ്സ്റ്റ് മാനേജ്മെന്റ് സെന്ററിലാണ് ആദ്യം പരിശീലനം ആരംഭിക്കുന്നത്. പരിശീലനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ തയ്യാറാക്കാൻ കിലയിൽ ചേർന്ന കൂടിയാലോചനായോഗത്തിൽ കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ ആമുഖാവതരണം നടത്തി. പ്രൊഫ.പി.കെ.രവീന്ദ്രൻ പരിശീലനപരിപാടി വിശദീകരിച്ചു. സിലബസ്, മോഡ്യൂൾ എന്നവയെക്കുറിച്ചുള്ള ചർച്ചയിൽ ഡോ. ജോർജ് തോമസ് (റിട്ട.ഡീൻ, ഹോൾട്ടികൾച്ചറൽ കോളേജ്),ഡോ. എൻ.കെ. ശശിധരൻ പിള്ള (മുൻ ഡയറക്ടർ ഐ.ആർ.ടി.സി മുണ്ടൂർ) മായ എസ് നായർ (റിട്ട.ജോ.ഡയറക്ടർ കൃഷി വകുപ്പ്), കില തളിപ്പറമ്പ് സെന്റർ പ്രിൻസിപ്പാൾ വിജയകുമാർ, ലക്ചറർ ഒ.വി.വിനീത, ഐ.ആർ.ടി.സി. കൺസൽട്ടന്റ് സുരേഷ് നാരായണൻ, ഡോ.ചിത്രിമ ശീതൾ ആർ.ജി.എസ്.എ കോർ ഡിനേററർ നിവേദ്യ, എം.രേണുകുമാർ തുടങ്ങിയവർ പങ്കെടുത്തു.




പച്ചപ്പ് പദ്ധതിയുടെ റിസോഴ്സ് പേഴ്സൺമാർക്കു കിലയിൽ സംഘടിപ്പിച്ച രണ്ടുദിവസത്തെ പരിശീലനപരിപാടിയിൽ **സി.കെ.ശശീന്ദ്രൻ എം.എൽ.എ** സംസാരിക്കുന്നു

# കല്പറ്റയെ ഹരിതാഭമാക്കാൻ പച്ചപ്പ് പദ്ധതി: റിസോഴ്സ്പേഴ്സൺമാർക്കു കിലയിൽ പരിശീലനം

**ക**ല്പറ്റയെ ഹരിതാഭമാക്കി വയനാടിന്റെ കാലാവസ്ഥയേയും പച്ചപ്പിനേയും തിരിച്ചുപിടിക്കാനുള്ള പച്ചപ്പ് പദ്ധതിയുടെ റിസോഴ്സ് പേഴ്സൺമാർക്കുള്ള രണ്ടുദിവസത്തെ പരിശീലനം കിലയിൽ സംഘടിപ്പിച്ചു. കല്പറ്റ നിയോജകമണ്ഡലത്തെ കർഷക-ആദിവാസി സൗഹൃദ ഹരിതമണ്ഡലമാക്കുക എന്ന ലക്ഷ്യത്തോടെ 2017 ൽ സി.കെ.ശശീന്ദ്രൻ എം.എൽ.എയുടെ നേതൃത്വത്തിൽ കിലയുടെ സഹായത്തോടെ നടപ്പാക്കുന്ന സമഗ്രപദ്ധതിയാണ് പച്ചപ്പ്. പരിശീലനപരിപാടിയിൽ വീട്ടുകൂട്ടം-നാട്ടുകൂട്ടം പ്രവർത്തനങ്ങളുടെ രൂപരേഖ സി.കെ.ശശീന്ദ്രൻ എം.എൽ.എ അവതരിപ്പിച്ചു. കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ ആമുഖാവതരണം നടത്തി. കോർഡിനേറ്റർ എം. രേണുകുമാർ സംസാരിച്ചു. ഗ്രാമപഞ്ചായത്ത് തലത്തിലെ കർമ്മപരിപാടികളും ആസൂത്രണം ചെയ്തു.

വനിതാ-ശിശുവികസന പദ്ധതികൾ, നവകേരള മിഷൻ, ത്രിതല പഞ്ചായത്ത് പദ്ധതികൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസ്സെടുത്തു.



തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ ദുരന്തനിവാരണ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തു സംഘടിപ്പിച്ച സംസ്ഥാനതല പരിശീലകപരിശീലന പരിപാടിയിൽ ധനകാര്യവകുപ്പുമന്ത്രി **ഡോ. തോമസ് ഐസക്** സംസാരിക്കുന്നു

## **നമ്മൾ നമുക്കായി:** ദുരന്തനിവാരണപദ്ധതി രൂപീകരണത്തിന് സംസ്ഥാനതല പരിശീലകപരിശീലനം

തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ ദുരന്തനിവാരണ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാനതല പരിശീലകപരിശീലനം തിരുവനന്തപുരത്തു സംഘടിപ്പിച്ചു. നമ്മൾ നമുക്കായി എന്ന ഈ പരിപാടിക്കു കിലയാണ് നേതൃത്വം നൽകുന്നത്. 941 ഗ്രാമപഞ്ചായത്തുകളിലും 87 നഗരസഭകളിലും ആറു കോർപ്പറേഷനുകളിലുമാണ് പദ്ധതി നടപ്പാക്കുക. രണ്ടുലക്ഷം പേരാണ് പദ്ധതിയുടെ പ്രവർത്തകരാകുന്നത്. ലോകത്താദ്യമായിട്ടാണ് ഇത്തരത്തിൽ ജനകീയപങ്കാളിത്തത്തോടെ അതിജീവനക്ഷമത ഉറപ്പാക്കുന്ന ദുരന്തനിവാരണ പ്ലാനുകൾ ആസൂത്രണം ചെയ്യുന്നത്. സംസ്ഥാന ധനകാര്യവകുപ്പുമന്ത്രി ഡോ. തോമസ് ഐസക് മുഖ്യപ്രഭാഷണം നടത്തി. ദുരന്തനിവാരണപ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കും വാർഷിക പദ്ധതിയും എന്ന വിഷയത്തെക്കുറിച്ച് തദ്ദേശസ്വയംഭരണവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി ശാരദ മുരളീധരനും കേരള പുനർനിർമ്മാണ വികസനപദ്ധതിയെക്കുറിച്ച് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വി. വേണും സംസാരിച്ചു. കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ ആമുഖപ്രഭാഷണം നടത്തി. സംസ്ഥാന ദുരന്തനിവാരണ അതോറിററി മെമ്പർ സെക്രട്ടറി ഡോ. ശേഖർ കുര്യാക്കോസ്, ആസൂത്രണബോർഡ് ചീഫ് (വികേന്ദ്രീകൃതാസൂത്രണം) എസ്. ആർ.സനൽകുമാർ എന്നിവർ സംസാരിച്ചു.



വയോജനസംരക്ഷണവും നിർവഹണവും സംബന്ധിച്ച് കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാർക്കു കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനം

## വയോജനസംരക്ഷണത്തെക്കുറിച്ച് കുടുംബശ്രീ കൗൺസിലർമാർക്കു പരിശീലനം

വയോജനസംരക്ഷണവും നിർവഹണവും സംബന്ധിച്ച് കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാർക്കുള്ള രണ്ടു ദിവസത്തെ പരിശീലനം കിലയിൽ തുടങ്ങി. ആറു ബാച്ചുകളിലായി സംസ്ഥാനത്തെ മുഴുവൻ കൗൺസിലർമാർക്കും പരിശീലനം നൽകും. കിലയുടെ കൊട്ടാരക്കര, തളിപ്പറമ്പ് കേന്ദ്രങ്ങളിലും സമാനരീതിയിലുള്ള പരിശീലനം നടക്കുന്നുണ്ട്. കിലയിലെ പരിശീലനപരിപാടിയിൽ അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ് ആമുഖാവതരണം നടത്തി. കെ. വിനീത് പരിശീലനപരിപാടികൾ വിശദീകരിച്ചു. പഞ്ചായത്ത്‌രാജ്, നഗരപാലിക സംവിധാനങ്ങൾ, നവകേരള കർമ്മ പരിപാടി, റിലേഷൻഷിപ്പ് കേരള പദ്ധതി, വയോജനങ്ങളുടെ പ്രാധാന്യവും സവിശേഷതകളും, വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, വയോജനസൗഹൃദകുടുംബം, വയോജനസൗഹൃദസമൂഹം, വയോജനകൗൺസിലിംഗ് തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. എം.രേണുകുമാർ, ഇ.സിറാജുദ്ദീൻ, അജിത്ത്‌മേനോൻ, കെ.കെ.ജോസഫ്, വി.ശ്രുതി, എം.ഉഷ, എം.വി.ഹാജിറ, ജോമോൾ തോമസ്, ഹേമ ട്രീസ തുടങ്ങിയവർ നേതൃത്വം നൽകി.


KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**